# 2025 -2026 ബഡ്ജറ്റ്

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2025-2026 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരണത്തിന് എത്തിച്ചേർന്നിട്ടുള്ള എല്ലാവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

സാമൂഹ്യ സാമ്പത്തിക ക്രമങ്ങളിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ച കോവിഡ് കാലത്തിനുശേഷം തെരഞ്ഞെടുക്കപ്പെട്ട 2020-25 ഭരണസമിതിയുടെ അവസാന ബഡ്ജറ്റ് എന്ന നിലയിൽ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ഏറെ അഭിമാനത്തോടെയും ആത്മ സംതൃപ്തിയോടെയും അവതരിപ്പിക്കുന്നു. ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് എന്നെ പ്രാപ്തയാക്കിയ ഈശ്വരനും ഈ സ്ഥാനത്തിന് എന്നെ അർഹയാക്കിയ ജനങ്ങൾക്കും നന്ദി പ്രകാശിപ്പിക്കുന്നു.

ഈ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനും എനിക്ക് മാർഗ്ഗനിർദേശവും പിന്തുണയും നൽകിയ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ബീന ടോമി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമ്മാർ, മറ്റ് എല്ലാ ഭരണസമിതി അംഗങ്ങൾ, കൃത്യമായ ഏകോപനത്തിലൂടെയും ക്രോഡീകരണത്തിലൂടെയും ബജറ്റിന്റെ സാമ്പത്തിക വിശകലനം പൂർത്തിയാക്കിയ ജീവനക്കാർ, പ്രത്യേകിച്ച് അക്കൌണ്ടന്റ് ശ്രീമതി. മരിയ ജോർജ്ജ് എന്നിവരെയും കൃതജ്ഞതയോടെ ഓർക്കുന്നു.

ബഡ്ജറ്റ് എന്നത് ഒരു സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകളുടെ രൂപരേഖയാണ്. എന്നാൽ ഒരു ജനാധിപത്യ

ഭരണസംവിധാനത്തെ സംബന്ധിച്ചിടത്തോളം ബഡ്ജറ്റ് എന്നത് സംഖ്യകളുടെ വിവരണം എന്നതിനപ്പുറം സാമൂഹ്യമാനം കൂടി കൈവരിക്കുമ്പോഴാണ് അർത്ഥപൂർണ്ണമാകുന്നത്. വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഭാവനാപൂർണ്ണമായ പദ്ധതികൾക്കൊപ്പം അതിദരിദ്രർ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, സ്ത്രീകൾ, കുട്ടികൾ, എന്നിങ്ങനെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം ജനങ്ങൾക്കും, മാലിന്യസംസ്കരണം, കുടിവെള്ളം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന മേഖലകൾക്കും പ്രത്യേക പരിഗണന നകുന്നതിനോപ്പം തന്നെ സമൂഹത്തിന്റെ എല്ലാ ഘടകങ്ങളെയും പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു വികസന നയമാണ് അവതരിപ്പിക്കുന്നത്.

സാമൂഹ്യമായ വലിയ വെല്ലുവിളികൾ നേരിടുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ലഹരിയുടെയും സാമൂഹ്യ മാധ്യമങ്ങളുടെയും അതിവ്യാപനം സമൂഹത്തിൽ പ്രസരിപ്പിക്കുന്ന അക്രമ സ്വഭാവവും അസ്വസ്ഥതയും നമ്മെ ആശങ്കപ്പെടുത്തുന്നതാണ്. വീടിന് കാവൽക്കാരായി കഴിയുന്ന വയോജനങ്ങൾ, മാന്യമായ വരുമാനത്തിന് വേണ്ട തൊഴിൽ ലഭിക്കാത്ത യുവജനങ്ങൾ പ്രത്യേകിച്ച് സ്ത്രീകൾ, സാമ്പത്തിക സുരക്ഷിതത്വം തേടി നാടുവിട്ടുപോകുന്ന യുവജനങ്ങളും വിദ്യാർത്ഥികളും, കാർഷികവൃത്തി ഉപേക്ഷിക്കുന്ന ഇന്നത്തെ തലമുറ ദൈവത്തിന്റെ സ്വന്തം നാട്ടിൽ “ദൈവമേ” എന്ന് ആശങ്കയോടെ വിളിക്കാതെ ഒരു ദിവസം പോലും തള്ളിനീക്കാന് സാധിക്കാത്ത അവസ്ഥ.

ഇവിടെയാണ് ജനപ്രധിനിധികള് എന്ന നിലയിൽ നാം നമ്മെതന്നെ തിരിച്ചറിയേണ്ടത്. നമ്മെ ഈ സ്ഥാനത്തിന്

അർഹരാക്കിയ ഓരോ വോട്ടർമാരെയും പേരെടുത്ത് വിളിക്കാൻ കഴിയുന്ന ജനപ്രധിനിധികൾ ഗ്രാമപഞ്ചായത്ത് മെമ്പർമാർ മാത്രമാണ് എന്നത് അഭിമാനമായും, ഒരു അവസരമായും നാം കാണേണ്ടതാണ്. വികസന സൂചികകളിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തെ വ്യത്യസ്തമാക്കുന്നത് സമൂഹ്യപരമായി കേരളത്തിലുണ്ടായ മാറ്റങ്ങളാണ് എന്ന് നാം തിരിച്ചറിയണം. സാമ്പത്തിക വളർച്ച അനിവാര്യമാണെങ്കിലും സാമൂഹ്യ ഉന്നമനം സാമ്പത്തിക ശാസ്ത്രത്തിന്റെ അളവുകോലുകളില് മാത്രം പൂർണ്ണമാകുന്നില്ല. പ്രാദേശികമായ വികസനം എല്ലാവർക്കും ലഭ്യമാക്കുന്നതിനൊപ്പം സാമൂഹ്യഐക്യവും സാംസ്കാരിക പൈതൃകവും നിലനിർത്തുന്നതിനും നമുക്ക് ഉത്തരവാദിത്വമുണ്ട് എന്ന് ജനപ്രധിനിധികൾ വിസ്മരിക്കരുത്.

ബഹു.കേരള സർക്കാരിന്റെ 2025-2026 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് പ്രകാരം പഞ്ചായത്തിന് ലഭ്യമാകുമെന്ന് ഉറപ്പുള്ള ഫണ്ടുകൾക്ക് കൃത്യമായ വകയിരുത്തലുകൾ നടത്തി യാഥാർത്ഥ്യ ബോധത്തോടെയുള്ള ബഡ്ജറ്റാണ് 2025 - 2026 വർഷത്തേയ്ക്ക് തയ്യാറാക്കിയിട്ടുള്ളത്.

പഞ്ചായത്ത് പ്രദേശത്തെ ജനസംഖ്യയിൽ ബഹു ഭൂരിപക്ഷവും സാധാരണക്കാരാണ്. ഇവരുടെ ക്ഷേമത്തിന് സജീവ പരിഗണന നൽകിയാണ് ഭരണസമിതി പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രവർത്തിച്ചു വരുന്നത്. പരിമിതമായ തനതു വരുമാനം മാത്രമുള്ള ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും സർക്കാർ ഗ്രാന്റുകളെയും ഫണ്ടുകളെയും ആശ്രയിച്ചാണ് നടത്തി വരുന്നത്. ഇതിനായി പഞ്ചായത്തിന്റെ സവിശേഷ സാഹചര്യങ്ങൾക്കും ഭാവി വികസന സാദ്ധ്യതകൾക്കും യോജിച്ച

ചില മേഖലകൾക്ക് ഈ ബഡ്ജറ്റിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്.

ഗ്രാമീണറോഡുകളുടെ വികസനത്തിനും, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ആരോഗ്യം വനിതാ-ശിശുക്ഷേമത്തിനും, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം എന്നിവയ്ക്കും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. അതോടൊപ്പം ഒരു മേഖലയും അവഗണിക്കപ്പെടാതിരിക്കാനും ശ്രദ്ധ പുലർത്തിയിട്ടുണ്ട്. കാർഷിക മേഖലയിൽ, പച്ചക്കറി കൃഷി വികസനം ഉൾപ്പെടെ തുക വകയിരിത്തിയിട്ടുണ്ട്. ഉൽപാദന മേഖലയിൽ കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വളർത്തൽ, ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് എന്നിവയ്ക്കായി ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്.

പാലിയേറ്റീവ് കെയർ പദ്ധതികൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്, ആശ്രയ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം തുടങ്ങിയ നിരവധി പദ്ധതികൾ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കുന്നു.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരിത്തിയിട്ടുണ്ട്.

റോഡുകൾ, പൊതുസ്ഥാപനങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനാണ് ഈ ബഡ്ജറ്റ് കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണ് കെ-സ്മാർട്ട് . 2025 ഏപ്രിൽ 1 മുതൽ നമ്മുടെ പഞ്ചായത്തിലും കെ-സ്മാർട്ട് സംവിധാനം നിലവിൽ വരുന്നു ഇതുവഴി വിവിധ സേവനങ്ങൾ ഡിജിറ്റൽ സംവിധാനത്തിലൂടെ പൊതു ജനങ്ങളിലേയ്ക്ക് എത്തുന്നു. ഈ പദ്ധതി പൊതു ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും, ബോധവൽക്കരണം നടത്തുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണ്.

പഞ്ചായത്തിന് ലഭിക്കാനുള്ള നികുതികൾ, ഫീസുകള് എന്നിവയെല്ലാം 100 ശതമാനം പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ബഡ്ജറ്റ് ലക്ഷ്യമിടുന്നു. സർക്കാരിൽ നിന്നും ലഭിക്കുന്ന ജനറൽ പർപ്പസ് ഗ്രാന്റ്, വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ്, എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി, സംസ്ഥാന, കേന്ദ്രാവിഷ്കൃത ഗ്രാന്റ് എന്നിവയ്ക്ക് പുറമെ സംസ്ഥാനസർക്കാരിന്റെ വിവിധ സ്കീമുകൾക്കും, ക്ഷേമപദ്ധതികൾക്കും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകകളും ഉൾപ്പെടുന്നതാണ് ഈ ബഡ്ജറ്റിലെ വിഭവസമാഹരണം. 17 കോടി 62 ലക്ഷത്തി 97 ആയിരം രൂപ വരവും, 18 കോടി 34 ലക്ഷത്തി 29 ആയിരത്തി 816 രൂപ ചിലവും, 1 കോടി 46 ലക്ഷത്തി 77 ആയരത്തി 409 രൂപ നീക്കി ബാക്കിയുള്ള ഈ ബഡ്ജറ്റ് ബഹുമാന്യരായ പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ സജീവചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.